**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1697** **11-09-2023 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ മണ്ഡലത്തിൽ പുരാവസ്തു-പുരാരേഖ വകുപ്പിന് കിഴിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (എ) | കണ്ണൂർ മണ്ഡലത്തിൽപ്പെടുന്നതും പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ അറയ്ക്കൽ കൊട്ടാരത്തിന്റെ സംരക്ഷണ പ്രവൃത്തികൾ 2022-23 സാമ്പത്തിക വർഷത്തിലും, കണ്ണൂർ പയ്യാമ്പലം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ സംരക്ഷണ പ്രവൃത്തികൾ 2023-24 സാമ്പത്തികവർഷത്തിലും പുരാവസ്തു വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. കണ്ണൂർ മണ്ഡലത്തിൽപ്പെട്ട പയ്യാമ്പലത്ത് മുരിക്കഞ്ചേരി കേളുവിന് സ്മാരകം പണിയുന്നതിലേക്ക് ജില്ലാ നിർമ്മിതി കേന്ദ്രത്തിന്, വിശദമായ ഒരു പദ്ധതി രൂപ രേഖ തയ്യാറാക്കി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്മാരകം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിന് കണ്ണൂർ II വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പുരാരേഖാ വകുപ്പിന് കീഴിൽ കണ്ണൂർ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന സയൻസ് പാർക്കിനോട് ചേർന്ന് ജില്ലാ പൈതൃക കേന്ദ്രത്തിന്റെ പ്രദർശനശാല പ്രവർത്തിച്ച് വരുന്നു. കേരള സംസ്കാരത്തെക്കുറിച്ചും കണ്ണൂർ ജില്ലയെ സംബന്ധിക്കുന്നതുമായ രേഖകളാണ് ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നത്. അത്യപൂർവ്വമായ മുളക്കരണം, താളിയോലകൾ, ഗ്രന്ഥങ്ങൾ എന്നിവ ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. |
| (ബി) | ആയതിൽ നിർമ്മാണം പൂർത്തീകരിച്ച പ്രവൃത്തികളും നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളും എന്തൊക്കെയെന്ന് വിശദമാക്കാമോ? | (ബി) | കണ്ണൂർ മണ്ഡലത്തിൽപ്പെടുന്നതും പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ അറയ്ക്കൽ കൊട്ടാരത്തിന്റെ സംരക്ഷണ പ്രവൃത്തികൾ 2022-23 സാമ്പത്തിക വർഷത്തിലും, കണ്ണൂർ പയ്യാമ്പലം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ സംരക്ഷണ പ്രവൃത്തികൾ 2023-24 സാമ്പത്തികവർഷത്തിലും പുരാവസ്തു വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. കണ്ണൂർ |

| | | | |
|---|---|---|---|
| | | | മണ്ഡലത്തിൽപ്പെട്ട പയ്യാമ്പലത്ത് മുരിക്കഞ്ചേരി കേളുവിന് സ്മാരകം പണിയുന്നതിലേക്ക് ജില്ലാ നിർമ്മിതി കേന്ദ്രത്തിന്, വിശദമായ ഒരു പദ്ധതി രൂപ രേഖ തയ്യാറാക്കി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്മാരകം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിന് കണ്ണൂർ II വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പുരാരേഖാ വകുപ്പിന് കീഴിൽ കണ്ണൂർ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന സയൻസ് പാർക്കിനോട് ചേർന്ന് ജില്ലാ പൈതൃക കേന്ദ്രത്തിന്റെ പ്രദർശനശാല പ്രവർത്തിച്ച് വരുന്നു. കേരള സംസ്കാരത്തെക്കുറിച്ചും കണ്ണൂർ ജില്ലയെ സംബന്ധിക്കുന്നതുമായ രേഖകളാണ് ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നത്. അത്യപൂർവ്വമായ മുളക്കരണം, താളിയോലകൾ, ഗ്രന്ഥങ്ങൾ എന്നിവ ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ